15 -ാം കേരള നിയമസഭ

10 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 845 — 31-01-2024 - ൽ മറുപടിയ്ക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ഇ.സി. വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ ഫീസും ലംപ്സം ഗ്രാന്റും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ഇ.സി. വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ ഫീസും ലംപ്സം ഗ്രാന്റും വിതരണം ചെയ്യുന്നതിൽ കുടിശിക വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | കേന്ദ്രസർക്കാരിന്റെ പുതുക്കിയ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പ്രകാരം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ SNA-PFMS സംവിധാനം മുഖേന മാത്രമേ അനുവദിച്ച് നൽകുവാൻ പാടുള്ളൂവെന്ന നിബന്ധനയും, ആയതിനുള്ള സാങ്കേതിക സഹായം ലഭിക്കുവാൻ കാലതാമസം ഉണ്ടായതുമാണ് സ്കോളർഷിപ്പുകൾ കുടിശ്ശികയാവാൻ കാരണം. 2022-23, 2023-2024 വർഷങ്ങളിൽ ജില്ലാ ഓഫീസുകളിൽ നിന്ന് അപ്രൂവൽ ലഭിച്ച ക്ലെയിമുകൾ ബഡ്ജറ്റ് വിഹിതത്തിൽ ലഭ്യമായ തുക പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ട്. നാളിതുവരെ 122.16 കോടി രൂപ സ്കോളർഷിപ്പായി അനുവദിച്ചിട്ടുണ്ട്. വിതരണം ചെയ്യാൻ അവശേഷിക്കുന്ന ക്ലെയിമുകൾക്ക് അധികതുകക്കുള്ള പ്രൊപ്പോസലിൻമേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. 2022-23 വർഷം മുതലുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കേന്ദ്രവിഹിതം ലഭിക്കാത്തതിനാൽ ആനുകൂല്യം അനുവദിച്ച് നൽകുവാൻ സാധിച്ചിരുന്നില്ല. ഇക്കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കുടിശ്ശിക തുക വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിതരണം ചെയ്ത് വരുന്നു. |
| (ബി) | ഹോസ്റ്റൽ ഫീസ് യഥാസമയം നൽകാത്തതിനാൽ പല കോളേജ് ഹോസ്റ്റലുകളിലും പ്രവേശനം നൽകുന്നില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (ബി) | ഹോസ്റ്റൽ ഫീസ് യഥാസമയം നൽകാത്തതിനാൽ വിദ്യാർത്ഥികളെ കോളേജ് ഹോസ്റ്റലുകളിൽ പ്രവേശനം നൽകുന്നില്ലെന്ന വിഷയം ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (സി) | ഹോസ്റ്റൽ വാടക ഉൾപ്പെടെയുള്ളവ വർദ്ധിപ്പിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ; | (സി) | വിദ്യാർത്ഥികളുടെ ഹോസ്റ്റൽ ഫീസ് വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശ പരിശോധിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഗ്രാന്റ് ലഭിക്കാത്തതിനാൽ പഠനം ഉപേക്ഷിക്കേണ്ടി വരുന്നത് തടയാൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ? | (ഡി) | വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് തുക ത്വരിത ഗതിയിൽ വിതരണം ചെയ്യുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ